(ബി) ഇത് പരിഹരിക്കുന്നതിന് ഇവിടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യം പരിഗണിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) പൈങ്ങോട്ടുപുറം വെസ്റ്റിൽ ട്രാൻസ്ഫോർമർ എന്ന് സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & (ഡി) ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. ചാർജ്ജ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെ വൈദ്യുതീകരണ പദ്ധതികൾ

190 [1132] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന് സമർപ്പിച്ച വൈദ്യുതീകരണ പദ്ധതികൾ കാസർഗോഡ് ജില്ലയിലെയും കണ്ണൂർ ജില്ലയിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കരിവെള്ളൂർ-പേരളം, കാകോൽ, ആലപ്പടമ്പ്, പെരിങ്ങോം-വയക്കര, ചെറുപുഴ പഞ്ചായത്തുകളിലെയും ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെടുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ വിശദവിവരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്നതും തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ ചീമേനി, ഈസ്റ്റ് എളേരി, ചിറ്റാരിക്കൽ വില്ലേജുകൾ വൈദ്യുതീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കാകോൽ, ആലപ്പടമ്പ് പഞ്ചായത്തിലെ വെളിച്ചാംതോട്, ആയോള, ആലക്കോട്, പുത്തെങ്ങ, വടവത്തൂർ, പൂവത്തിൻകാട്, വടശ്ശേരി, ഒയോള തുടങ്ങിയ സ്ഥലങ്ങളും പെരിങ്ങം, വയക്കര പഞ്ചായത്തിലെ വാവൻമട, പൂവക്കുയിൽ, കടാകുന്ന്, കുഴൂൽ, പൊട്ടറാടി, വെടകാനം, തൊള്ളത്ത് വയൽ, വാവ്വാൽ, വാപ്പിരിച്ചാൽ, വട്ടയാട്, പെരിതട്ടുതാവിടിശ്ശേരി തുടങ്ങിയ സ്ഥലങ്ങളും ചെറുപുഴ പഞ്ചായത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കലക്കാട്, കൊരാളി, മരുതാരാട്ട്, ചെറിയകട്ടപ്പള്ളി, ജോസഗിരി, ചേനാട്ടുകൊല്ലി, കാനംവയൽ തുടങ്ങിയ സ്ഥലങ്ങളും രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനപ്രകാരം വൈദ്യുതീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 60.4 കി. മീ. 11 കെ. വി. ലൈനും 91 എണ്ണം 25 കെ. വി. എ. ട്രാൻസ്ഫോമറുകളും 5 കി. മീ. ത്രീ ഫേസ് ലൈനും 18.2 കി. മീ. സിംഗിൾ ഫേസ് ലൈനും ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ

191 [1133] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി നാദാപുരം, എടച്ചേരി, തൊട്ടിൽപ്പാലം, കുറ്റ്യാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വിവിധ ഭാഗങ്ങളിലായി എത്ര വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ വിഭാഗങ്ങളിലും നൽകിയിട്ടുള്ള കണക്ഷനുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) നാദാപുരം നിയോജകമണ്ഡലത്തിൽ അടുത്ത ഒരു വർഷത്തിനിടയിൽ എത്ര വൈദ്യുതി കണക്ഷൻ നൽകാനാണ് ബോർഡ് പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പാറക്കടവിൽ അനുവദിച്ചിട്ടുള്ള സെക്ഷൻ ഓഫീസ് എന്നാണ് പ്രവർത്തനക്ഷമമാകുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 5500.

(സി) പാറക്കടവ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly